# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1091**

**12.07.2016 - ൽ**
**മറുപടിക്ക്**

**നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിനായി ഭൂമി**

**ചോദ്യം**
**ശ്രീ.എം. രാജഗോപാലൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷിയും വകുപ്പ് മന്ത്രി)

**എ)** കാസർഗോഡ് ജില്ലയിൽ കാർഷിക യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള 2 ഏക്കർ ഭൂമി നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിനായി നൽകുവാൻ കഴിഞ്ഞ സർക്കാർ മന്ത്രിസഭാ തീരുമാനമെടുത്തിരുന്നുവെങ്കിലും പ്രസ്തുത ഭൂമി മുനിസിപ്പാലിറ്റിക്ക് അളന്ന് നൽകുവാൻ കൃഷി വകുപ്പ് അധികൃതരുടെ ഭാഗത്തു നിന്നും നടപടി ഉണ്ടാകാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ; സർക്കാർ തീരുമാനമുണ്ടായിട്ടും ഭൂമി ലഭ്യമാക്കുവാൻ കഴിയാതിരുന്നതിന് ഉത്തരവാദികൾ ആരാണെന്ന് വ്യക്തമാക്കാമോ?

**എ)** 07/11/2012 ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം 09/11/2012-ലെ സ.ഉ.(സാധ)2202/2012/കൃഷി ഉത്തരവ് പ്രകാരം കേരള കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള നീലേശ്വരം കരുവാച്ചേരിയിലുള്ള 2 ഏക്കർ സ്ഥലം നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സൗജന്യമായി അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2 ഏക്കർ സ്ഥലം വിട്ടുനൽകുന്ന വിഷയം 20/06/2015 ന് സർവ്വകലാശാല ജനറൽ കൗൺസിൽ യോഗം പരിഗണിക്കുകയും ഇക്കാര്യത്തിൽ പകരം ഭൂമിയോ, ഉചിതമായ നഷ്ടപരിഹാര തുകയോ സർവ്വകലാശാലയ്ക്ക് ലഭിച്ചാൽ മാത്രമേ പ്രസ്തുത ഭൂമി കൈമാറേണ്ടതുള്ളു എന്നും സർവ്വകലാശാല തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സർവ്വകലാശാല അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**